(ബി&സി) വയനാട് ജില്ലയിലെ നിലവിൽ മാവേലി സ്റ്റോറുകൾ ഇല്ലാത്ത എടവക, വെങ്ങപ്പള്ളി എന്നീ പഞ്ചായത്തുകളിൽ മാവേലി സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വാഹന ഇന്ധന വിൽപ്പന ഔട്ട് ലെറ്റുകൾ

203 (1246) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിലുള്ള വാഹന ഇന്ധന വിൽപ്പന ഔട്ട്ലെറ്റുകൾ എത്രയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത ഔട്ട്ലെറ്റുകളിൽനിന്നും കോർപ്പറേഷൻ നഷ്ടം സംഭവിക്കാറുണ്ടോ ;

(സി)ടി ഔട്ട്ലെറ്റുകൾ ലാഭത്തിലാണെങ്കിൽ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ലാഭവിവര കണക്ക് വെളിപ്പെടുത്താമോ ; ഇത്തരം ഔട്ട്ലെറ്റുകളുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ?

ഉത്തരം

(എ) സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ കീഴിൽ 15 വാഹന ഇന്ധന വിൽപ്പന ഔട്ട്ലെറ്റുകൾ ഉണ്ട്.

(ബി) പ്രസ്തുത ഔട്ട് ലെറ്റുകളിൽ നിന്നും കോർപ്പറേഷന് ലാഭമാണുള്ളത്.

(സി) സപ്ലൈകോയുടെ കീഴിലുള്ള 15 പെട്രോൾ ബങ്കുകളുടെ കഴിഞ്ഞ സാമ്പത്തിക വർഷത്തെ ആകെ പ്രവർത്തന ലാഭം 2,62,13,894 രൂപയാണ്. നിലമ്പൂർ (അകമ്പാടം), മൂന്നാർ എന്നിവിടങ്ങളിൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

പുതിയ റേഷൻകാർഡുകളുടെ വിതരണം

204 (1247) ശ്രീ. എ. എ. അസീസ് :

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly